LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 101 റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഗ്രാമവികസന വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 1039 റോഡുകൾ സംസ്ഥാനത്ത് പുനരുദ്ധാരണത്തിനായി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ആർ.ഐ.ഡി.എഫ്. അനുബന്ധം 1 A, PMGSY അനുബന്ധം 1 B ആയി ചേർത്തിരിക്കുന്നു.

(സി) ആർ.ഐ.ഡി.എഫ്. പ്രകാരം ഏറ്റവും കൂടുതൽ റോഡ് ഫണ്ട് ഇടുക്കി ജില്ലയ്ക്കാണ് അനുവദിച്ചിരിക്കുന്നത്. 1566.30 ലക്ഷം രൂപ. പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ റോഡുകൾ ഏറ്റെടുത്തിട്ടുള്ളത് ഇടുക്കി ജില്ലയിലാണ്. ഇതിനായി 200.97 കോടി രൂപ അടങ്കൽ തുകയായി വകയിരുത്തിയിട്ടുണ്ട്.

(ഡി) 2015-16-ൽ ആർ.ഐ.ഡി.എഫ്. XXI-ലേക്ക് ഏറ്റെടുക്കേണ്ട പുതിയ പ്രവൃത്തികൾ സംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ പി.എം.ജി.എസ്.വൈ.-II-ലേക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം 2-ആയി ചേർത്തിരിക്കുന്നു.*

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

27 (5374)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ :

(എ) 2011-12 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാം പ്രദേശങ്ങളിൽ നടപ്പിലാക്കിയെന്ന് അറിയിക്കുമോ :

(ബി) ഓരോ പ്രവൃത്തിക്കും എത്ര രൂപ വീതം വകയിരുത്തിയിരുന്നുവെന്നും എത്ര രൂപ വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്